# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4835** **22/03/2018-ൽ മറുപടിയ്ക്ക്**

## റിസ്ക് ഫണ്ട്

| ചോദ്യം | | മറുപടി | |
|---|---|---|---|
| | **ശ്രീ.സി. ദിവാകരൻ** | | **ശ്രീ. കടകംപള്ളി സുരേന്ദ്രൻ (സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി)** |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം റിസ്ക് ഫണ്ട് ആനുകൂല്യം അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് എത്ര അപേക്ഷ ലഭിച്ചുവെന്നും എത്രയെണ്ണം തീർപ്പാക്കിയെന്നും വ്യക്തമാക്കുമോ; | (എ) | റിസ്ക് ഫണ്ട് പദ്ധതി നടപ്പിലാക്കുന്ന കേരള സഹകരണ വികസന ക്ഷേമനിധി ബോർഡിൽ ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം 22,231 അപേക്ഷകൾ 28/02/2018 തീയതി വരെ ലഭ്യമായിട്ടുള്ളതും, ആയതിൽ 8,983 അപേക്ഷകൾക്ക് ധനസഹായം അനുവദിച്ച് നൽകിയിട്ടുള്ളതുമാണ്. ധനസഹായം ലഭിക്കാൻ അർഹതയില്ലാത്ത 3018 അപേക്ഷകൾ നിരസിച്ചിട്ടുള്ളതുമാണ്. ഇപ്രകാരം ആകെ 12,001 അപേക്ഷകൾ തീർപ്പാക്കിയിട്ടുണ്ട്. |
| (ബി) | റിസ്ക് ഫണ്ട് ആനുകൂല്യം അനുവദിക്കുന്നതിലെ മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; | (ബി) | വായ്പാക്കാലാവധിയിൽ വായ്പക്കാരൻ മരണപ്പെട്ടാൽ മരണപ്പെട്ട തീയതിക്ക് തൊട്ട് മുമ്പ് ആറ് മാസത്തിൽ അധികരിച്ച് കുടിശ്ശിക ഉണ്ടാകുവാൻ പാടില്ല. മരണപ്പെട്ടതോ/മാരകരോഗം പിടിപെട്ടതോ ആയ ആളിന്റെ പേരിലുള്ളതും, മരണപ്പെട്ട/മാരകരോഗം പിടിപെട്ട തീയതിയിൽ 70 വയസ്സിൽ അധികരിക്കാത്തതുമായ വായ്പക്കാരുടെ വായ്പകൾക്ക് മാത്രമാണ് മരണാനന്തര ആനുകൂല്യം/ചികിത്സാ ധനസഹായം ലഭിക്കുക. വായ്പ എടുക്കുന്ന വ്യക്തികളിൽ നിന്നും 0.35% എന്ന നിരക്കിൽ കുറഞ്ഞത് 100/- രൂപയും പരമാവധി 525/- രൂപയും ബന്ധപ്പെട്ട സഹകരണ സംഘം, വായ്പക്കാരിൽ നിന്നും ഈടാക്കി സ്കീം നടപ്പിലാക്കുന്ന ബോർഡിലേക്ക് അടയ്ക്കേണ്ടതാണ്. വായ്പ എടുത്ത ശേഷം വായ്പക്കാരന് മാരകരോഗം പിടിപെടുന്ന കേസുകളിലാണ് ചികിത്സാ ധനസഹായം ലഭിക്കുന്നത്. മരണപ്പെട്ട കേസുകളിൽ വായ്പക്കാരന്റെ മരണസർട്ടിഫിക്കറ്റ് അനന്തരാവകാശി ഹാജരാക്കേണ്ടതുണ്ട്. ചികിത്സാ ധനസഹായത്തിന് ബന്ധപ്പെട്ട ഡോക്ടറുടെ ചികിത്സാ സർട്ടിഫിക്കറ്റും അനുബന്ധരേഖകളും സമർപ്പിക്കേണ്ടതാണ്. |

| | | | |
|---|---|---|---|
| (സി) | ഗുരുതര രോഗത്തിന് ചികിത്സയിലുള്ളവർക്കും, വായ്പ കുടിശ്ശിക 1 ലക്ഷത്തിൽ കൂടുതൽ ഉള്ളവർക്കും, അവരുടെ സാമ്പത്തികാവസ്ഥ പരിശോധിച്ച് റിസ്ക് ഫണ്ട് ആനുകൂല്യം ലഭ്യമാക്കുന്നതിന് ഇളവുകൾ നൽകുന്ന കാര്യം സർക്കാർ പരിഗണിക്കുമോ? | (സി) | സർക്കാരിന്റെ 31/03/2012 ലെ സ.ഉ.(കൈ) 42/2012/സഹ നമ്പർ ഉത്തരവ് പ്രകാരം റിസ്ക് ഫണ്ട് നിയമാവലിയിൽ ഭേദഗതി വരുത്തുകയും മാരകരോഗം പിടിപെട്ടവർക്ക് 75,000/- രൂപ ചികിത്സാ ധനസഹായമായി അനുവദിച്ചു വരികയും ചെയ്യുന്നുണ്ട്.<br><br>ഗുരുതര രോഗത്തിന് ചികിത്സയിലുള്ളവർക്കും, വായ്പ കുടിശ്ശിക 1 ലക്ഷത്തിൽ കൂടുതൽ ഉള്ളവർക്കും, അവരുടെ സാമ്പത്തികാവസ്ഥ പരിശോധിച്ച് റിസ്ക് ഫണ്ട് ആനുകൂല്യം ലഭ്യമാക്കുന്നതിന് ഇളവുകൾ നൽകുന്ന കാര്യം നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ